**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 72 — 10.06.2013 - ലെ മറുപടിക്ക്

**പി.എസ്.സി. നിയമനങ്ങളിലെ വെയിറ്റേജ് മാർക്ക്**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ | ശ്രീ. ഉമ്മൻ ചാണ്ടി<br>ബഹു. മുഖ്യമന്ത്രി |
| (എ) പി.എസ്.സി. നിയമനങ്ങളിൽ അതാത് ജില്ലക്കാർക്ക് നൽകുന്ന വെയിറ്റേജ് മാർക്ക് നിലവിൽ നൽകുന്നുണ്ടോ ;<br>(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; | (എ) യും (ബി) യും<br>പി.എസ്.സി. നിയമനങ്ങളിൽ അതാത് ജില്ലയിൽ ഉള്ള ഉദ്യോഗാർത്ഥികൾക്ക്, തഹസിൽദാറിൽ കുറയാത്ത റാങ്കിലുള്ള ഉദ്യോഗസ്ഥൻ നൽകുന്ന നേറ്റിവിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ, 5 മാർക്കിന്റെ വെയിറ്റേജ് നൽകുവാൻ വ്യവസ്ഥ ചെയ്തിരുന്ന KS&SSR പാർട്ട് II - ലെ ചട്ടം 5A ബഹു. കേരള ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ട്. |
| (സി) ഈ വിഷയത്തിൽ ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ നൽകിയിട്ടുണ്ടോ;<br>(ഡി) ഇല്ലെങ്കിൽ അപ്പീൽ നൽകുന്ന കാര്യം പരിഗണിക്കുമോ? | (സി) യും (ഡി) യും<br>ഹൈക്കോടതി വിധിക്കെതിരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ സർക്കാരിന് അപ്പീൽ ഫയൽ ചെയ്യാനാകുമോ എന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ